# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5741 29.07.2015-ൽ മറുപടിയ്ക്ക്

### <u>മയക്കമരുന്നുകളുടെ വ്യാപനം തടയാൻ പദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ വി. ഡി. സതീശൻ<br>ശ്രീ ബെന്നി ബെഹനാൻ<br>ശ്രീ ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ ടി. എൻ. പ്രതാപൻ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) മയക്കമരുന്നുകളുടെ വ്യാപനം തടയുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) മയക്കമരുന്നുകളുടെ വ്യാപനം തടയുന്നതിന് പോലീസ്, എക്സൈസ് വകുപ്പുകൾ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. സ്കൂൾ, കോളേജ് പരിസരങ്ങളിൽ മയക്ക മരുന്നുകളുടെ വ്യാപനം തടയുന്നതിനായി 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) മയക്കമരുന്നുകളുടെ ഉല്പാദനം, വിതരണം, വിപണനം എന്നിവ ഫലപ്രദമായി തടയുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന എൻ.ഡി.പി.എസ്. കുറ്റകൃത്യങ്ങൾ തടയുന്നതിനോടൊപ്പം തന്നെ ലഹരിമുക്തമായ ഭാവി തലമുറയെ വാർത്തെടുക്കാനും സർക്കാർ ലക്ഷ്യമിടുന്നു. |
| (സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ? | (സി) ഓരോ പോലീസ് സ്റ്റേഷന്റെ കീഴിലും ഒരു സബ് ഇൻസ്പെക്ടറും രണ്ട് പോലീസ് ഉദ്യോഗ സ്ഥരും ഉൾപ്പെടുന്ന സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ കാമ്പയിനുകൾ സംഘടിപ്പിച്ചും, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് രൂപീകരിച്ചും മയക്ക മരുന്നുകളുടെ ഉപയോഗവും വില്പനയും തടയു ന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്കൂൾ, കോളേജ് എന്നിവ പോലീസ് സ്ഥിരമായി നിരീക്ഷിക്കുകയും ആരെങ്കിലും മയക്കമരുന്നുകൾ വിൽക്കുകയോ ഉപയോഗിക്കുകയോ ചെയ്യുതായി ശ്രദ്ധയിൽ പ്പെട്ടാൽ അവർക്കെതിരെ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ശക്തമായി നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.<br><br>മയക്കമരുന്നുകളുടെ വ്യാപനം തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ എക്സൈസ് |

ഡിവിഷനുകളിലും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നുണ്ട്. സംസ്ഥാനത്തേക്ക് മയക്കമരുന്നുകൾ ചെറു വാഹനങ്ങളിൽ കടത്തി ക്കൊണ്ടു വരാനുള്ള സാദ്ധ്യത മുന്നിൽ കണ്ട് ചെറു വാഹനങ്ങളും ആഡംബര കാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധനയ്ക്ക് വിധേയമാ കുന്നു. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുന്നുണ്ട്. സംസ്ഥാന തലത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ത്വരിത പ്പെടുത്തുന്നതിനായി എക്സൈസ് വകുപ്പ് ഈ വർഷം ജൂൺ 15 മുതൽ ജൂലൈ 15 വരെ ഓപ്പറേഷൻ 'മൂൺഷൈൻ' എന്ന പേരിൽ സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിച്ചിരുന്നു. ലഹരി വിരുദ്ധ സന്ദേശങ്ങൾ വിദ്യാർത്ഥി കളിലേക്കെത്തിക്കുന്നതിനായി വിദ്യാ ഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും എക്സൈസ് വകുപ്പ് പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ